"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധനാറിപ്പോർട്ട്- കായംകുളം നഗരസഭയിലെ ജീവനക്കാർക്കെതിരായ അച്ചടക്കനടപടി – തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1870/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/09/2021

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 06.04.2016തീയതിയിലെ ഇ4(എസ്.സി.05/2016/എ.എൽ.പി)7837/2016 നമ്പർ കത്ത്
2. 20.06.2017 തീയതിയിലെ ഇയു2-155/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യഡയറക്ടറുടെ 23.12.2020തീയതിയിലെ വി1-16500/2017നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് കായംകുളം നഗരസഭയിൽ 16.01.2016 ൽ ' ടൗൺ & സിറ്റി' എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭ ജീവനക്കാർ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതായും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തതായും കണ്ടെത്തിയതിനാൽ പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ശശികുമാർ കെ, റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ.രാജേഷ് കുമാർ, ആർ സി, ശ്രീ.രാജേഷ് എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച മറുപടികളിന്മേൽ കൊല്ലം നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. വിജിലൻസ് പരിശോധനയിൽ ഓഫീസ് അറ്റൻഡന്റ് ശ്രീ.ശശികുമാർ കെ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക രേഖപ്പെടുത്തിയിട്ടില്ലാത്തതായി കണ്ടെത്തിയിരുന്നതിനാലാണ് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിച്ചിരുന്നത്. വിജിലൻസ് പരിശോധനാ ദിവസം ഓഫീസിൽ ഉദ്യോഗസ്ഥരുടെ കുറവ് കാരണം ക്യാഷ് കൗണ്ടറിൽ നിന്നുള്ള നിർദ്ദേശ പ്രകാരം ബാങ്കിൽ പണം കൊണ്ടുപോയി അടക്കുവാനായി പോയിരുന്നതും

തിരികെ വന്ന ശേഷം വിജിലൻസ് ഉദ്യോഗസ്ഥർ മുൻപാകെ കൈവശമുള്ള 170/- രൂപ കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും ശ്രീ.ശശികുമാർ കെ മറുപടി നൽകിയിരിക്കുന്നു. കൈവശമുണ്ടായിരുന്ന പണം തിട്ടപ്പെടുത്തി എഴുതാത്തത് വീഴ്ചയായി മനസ്സിലാക്കുന്നുവെന്നും മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകില്ലെന്നും മേൽ നടപടികൾ സ്വീകരിക്കരുതെന്നും ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

3. വിജിലൻസ് പരിശോധനയിൽ ജമമാറ്റം സംബന്ധിച്ച 13 അപേക്ഷകളും ബിൽഡിംഗ് ടാക്സ് പുന:പരിശോധിക്കുന്നതിനുള്ള 10 പരാതികളും സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കാതെ സൂക്ഷിച്ചിരുന്നതിനാലാണ് റവന്യൂ ഇൻസ്പെക്ടർ ശ്രീ.രാജേഷ് കുമാർ ആർ സി ക്ക് കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നത്. ടിയാന് ചുമതലയുണ്ടായിരുന്ന വാർഡുകൾ അണ്ടർ ഡെവലപ്പിംഗ് ഏറിയ (under developing area ) ആയതിനാൽ ഉടമസ്ഥാവകാശം മാറ്റുന്നതിനും കെട്ടിട നമ്പർ നൽകുന്നതിനുമുള്ള ധാരാളം അപേക്ഷകൾ ഉണ്ടായിരുന്നുവെന്നും വിവിധങ്ങളായ അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച ജോലിഭാരമുണ്ടായിരുന്നതിനാലാണ് ഫയലുകളിൽ യഥാസമയം റിപ്പോർട്ട് തയ്യാറാക്കുവാൻ കാലതാമസം നേരിട്ടിരുന്നതെന്നും ശ്രീ.രാജേഷ് കുമാർ. ആർ. സി. മറുപടി നൽകിയിരിക്കുന്നു. പൊതുജനങ്ങളുടെ തിരക്കു കാരണം ഓഫീസ് സമയത്ത് ഫയൽ വർക്കുകൾ ചെയ്യാൻ സാധിക്കാത്തതിനാൽ അവധി ദിവസങ്ങളിലും ഓഫീസ് സമയം കഴിഞ്ഞ ശേഷവും ഫയലുകളിൽ റിപ്പോർട്ട് തയ്യാറാക്കിയിരുന്നതായും ടിയാൻ കൂട്ടിച്ചേർക്കുന്നു. മന:പൂർവ്വമല്ലാതെ വർദ്ധിച്ച ജോലിഭാരത്താൽ ഉണ്ടായിരുന്ന വീഴ്ച മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ശ്രീ.രാജേഷ് കുമാർ. ആർ .സി. അപേക്ഷിച്ചിരുന്നു.

4. വിജിലൻസ് പരിശോധനയിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ.രാജേഷ്. ജി പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തയിട്ടില്ലാത്തതായും ജമമാറ്റത്തിനുള്ള 6 അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടില്ലാത്തതായും കണ്ടെത്തിയിരുന്നു. അതിനാലാണ് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളത്. വിജിലൻസ് പരിശോധന ദിവസം റവന്യൂ സൂപ്രണ്ട് അവധിയായത് കാരണം ശ്രീ.രാജേഷ്. ജി. ക്ക് അധിക ചുമതല വഹിക്കേണ്ടി വന്നതിനാൽ യഥാസമയം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതുന്നതിന് സാധിച്ചില്ലായെന്നും പൊതുജനങ്ങൾ സെക്ഷന് ചുറ്റും ഉണ്ടായിരുന്നതിനാൽ അപേക്ഷകളും തപാലുകളും ബന്ധപ്പെട്ട സെക്ഷനിലേക്ക് മാർക്ക് ചെയ്ത് നൽകാനുണ്ടായിരുന്നുവെന്നും തുക രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ടിയാൻ മറുപടി നൽകിയിരിക്കുന്നു. ജമമാറ്റത്തിനുള്ള 6 അപേക്ഷകളല്ലാതെ മറ്റ് യാതൊരു അപേക്ഷകളും നടപടികൾ തീർപ്പാക്കുന്നതിന് അവശേഷിച്ചിരുന്നില്ലെന്നും അപേക്ഷകൾ കൃത്യസമയത്ത് സമയ ബന്ധിതമായി ചെയ്ത് തീർത്തിരുന്നുവെന്നും ടിയാൻ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത ജമമാറ്റത്തിനുള്ള അപേക്ഷകൾ ലഭ്യമായ വിലാസത്തിൽ അന്വേഷണം നടത്തിയതിൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ പുനരന്വേഷണം നടത്തി സ്ഥലപരിശോധന പൂർത്തിയാക്കാനുള്ളതായിരുന്നെന്നും മന:പൂർവ്വമല്ലാത്ത തെറ്റുകൾ മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ.രാജേഷ് ജി അഭ്യർത്ഥിച്ചിരുന്നു.

5. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള അന്വേഷണ റിപ്പോർട്ടിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള ഫയലുകൾ നിലവിൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും മേൽ പരാമർശിത ജീവനക്കാരിൽ നിന്നും മന:പൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നും ടിയാളുകളുടെ മറുപടികൾ അംഗീകരിച്ച് തുടർനടപടികളിൽ നിന്നും

ഒഴിവാക്കാവുന്നതാണെന്നും പ്രതിപാദിച്ചിരുന്നു. വിജിലൻസ് റിപ്പോർട്ട് പ്രകാരം ഓഫീസ് അറ്റൻഡന്റ് ശ്രീ.ശശികുമാർ കെ, റവന്യൂ ഇൻസ്പെക്ടർ ശ്രീ.രാജേഷ്.ജി. എന്നിവർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ യഥാവിധി കൈവശമുണ്ടായിരുന്ന പണം രേഖപ്പെടുത്തിയിരുന്നില്ലായെന്നും ഓഫീസിൽ ഹാജരായി ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് ക്യാഷ് ഡിക്ലറേഷൻ നടത്തണമെന്നിരിക്കെ ആയത് വീഴ്ച വരുത്തിയിട്ടുള്ളത് അംഗീകരിക്കാവുന്നതല്ലായെന്നും റവന്യൂ ഇൻസ്പെക്ടർ ശ്രീ.രാജേഷ് ജി. യുടെ പക്കൽ നിന്നും നടപടി സ്വീകരിക്കാത്ത 6 അപേക്ഷകളും വിജിലൻസ് കണ്ടെത്തിയിരുന്നു. ശ്രീ.രാജേഷ് കുമാർ. ആർ. സി. യിൽ നിന്നും 13 അപേക്ഷകളും 10 പരാതികളും നടപടി സ്വീകരിക്കാത്തതായി കണ്ടെത്തിയിട്ടുള്ളതാണ് എന്നും ആയത് കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയായി കണക്കാക്കാവുന്നതും സെക്ഷനിൽ ജോലിത്തിരക്ക് ഉണ്ടായിരുന്നുവെന്നത് ഒരു ന്യായീകരണമല്ലാത്തതുമാണ് എന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെടുന്നു.

6. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതും അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാത്തതും മാപ്പാക്കുന്നതിന് ജീവനക്കാരുടെ മറുപടികൾ പര്യാപ്തമല്ല. ആയതിനാൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരമുള്ള ശുപാർശ അംഗീകരിക്കാനാവാത്തതാണ് എന്നും, ടി സാഹചര്യത്തിൽ കായംകുളം നഗരസഭയിലെ ജീവനക്കാരായ ശ്രീ.ശശികുമാർ കെ, ശ്രീ.രാജേഷ് ജി, ശ്രീ.രാജേഷ് കുമാർ ആർ സി എന്നിവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടി, കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള ശുപാർശ എന്നിവ സഹിതം വിശദമായി പരിശോധിച്ചതിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതും അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാത്തതും ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് കാണുന്നു. ആയതിന് ജീവനക്കാരുടെ മറുപടി പൂർണ്ണമായും അംഗീകരിക്കാവുന്നതല്ലായെന്നു കാണുന്നു.

8. മേൽ സാഹചര്യത്തിൽ കായംകുളം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ശശികുമാർ കെ, റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ.രാജേഷ് കുമാർ. ആർ. സി., ശ്രീ.രാജേഷ് എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ടിയാളുകളുടെ ഒരു വാർഷിക ഇൻക്രിമെന്റ് ആറുമാസത്തേക്ക് സഞ്ചിത ഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.ശശികുമാർ കെ,, ഓഫീസ് അറ്റൻഡന്റ്, കായംകുളം നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ.രാജേഷ് കുമാർ ആർ സി, റവന്യൂ ഇൻസ്പെക്ടർ, കായംകുളം നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ.രാജേഷ് , റവന്യൂ ഇൻസ്പെക്ടർ, കായംകുളം നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ